2481
4/3/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പൂജപ്പുര ICPS ഓഫീസ് കെട്ടിടത്തിന്റെ മുൻഭാഗത്തെ വെൽഡ് മെഷ് മാറ്റി ഗ്രിൽ സ്ഥാപിക്കുന്നതിനും ജനാലകൾ ഉറപ്പുള്ളതാക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം.114/2015/സാനീവ തിരുവനന്തപുരം, തീയതി. 26.02.2015

==========================================================================

പരാമർശം : (1) 23/3/2013 ലെ സ.ഉ (സാധാ) 128/13 സാനീവ നമ്പർ ഉത്തരവ്
(2)സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 21/10/2014 ലെ എഫ്5-27724/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുരയിലെ ICPS ഓഫീസ് കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള വെൽഡ് മെഷീൻ മാറ്റി ഗ്രിൽ സ്ഥാപിക്കുന്നതിനും ജനാലകളും വാതിലുകളും ഉറപ്പുള്ളതാക്കുന്നതിനുമായി 1,50,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം ഒന്ന് പ്രകാരം കാസർഗോഡ് മഹിളാമന്ദിരത്തിന്റെ ശേഷിക്കുന്ന പ്രവർത്തികൾ ചെയ്യുന്നതിനായി അനുവദിച്ചിട്ടുള്ള 132 ലക്ഷം രൂപയിൽ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ STSB അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന 21,84,703/- രൂപയിൽ നിന്നും പൂജപ്പുരയിലെ ICPS ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള വെൽഡ് മെഷ് മാറ്റി ഗ്രിൽ സ്ഥാപിക്കുന്നതിനും ജനാലകളും വാതിലുകളും ഉറപ്പുള്ളതാക്കുന്നതിനും ആവശ്യമായ 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) രൂപ ഉപയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ